(Pages : 4)

**S – 1543**

Reg. No. : ..............................

Name : ..................................

**Fifth Semester B.A. Degree Examination, December 2023**

**First Degree Programme under CBCSS**

**Malayalam : Open Course I**

**ML 1551.4 : ജനപ്രിയസാഹിത്യപഠനം**

**(2021 Admission)**

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. ജനപ്രിയ പാഠത്തെ സൂപ്പർമാർക്കറ്റിനോട് തുലനപ്പെടുത്തിയത് ആരാണ്?

2. മലയാളത്തിൽ മാന്ത്രികനോവലുകൾ ജനപ്രിയമായിത്തീരുന്നത് ഏത് നോവലോടുകൂടിയാണ്?

3. ചലച്ചിത്ര ഗാനങ്ങളിലെ ജനകീയതയുടെ മുദ്ര എന്താണ്?

4. സംസ്കാരവും അരാജകത്വവും (Culture and Anarchy) എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?

5. 'സിനിമയും നോവലും കാഴ്ചയുടെ വിനിമയ വിചാരങ്ങൾ' എന്ന ഗ്രന്ഥം രചിച്ചതാരാണ്?

6. യേശുദാസിന് ആദ്യമായി ദേശീയ അവാർഡ് നേടിക്കൊടുത്ത സിനിമാഗാനം ഏതാണ്?

7. 'കെ. ടി. എൻ. കോട്ടൂർ എഴുത്തും ജീവിതവും' എന്ന കൃതി രചിച്ചത് ആരാണ്?

8. ഹരിശ്ചന്ദ്ര എന്ന സിനിമയിലെ ആത്മവിദ്യാലയമേ എന്ന ഗാനം ആലപിച്ചത് ആരാണ്?

P.T.O.

VTM NSS COLLEGE LIBRARY

9. മികച്ച ചിത്രത്തിനുള്ള ആദ്യ ദേശീയ അവാർഡ് നേടിയ മലയാള ചലച്ചിത്രം ഏതാണ്?

10. ആദ്യമായി ചലച്ചിത്രാനുവർത്തനം നടത്തിയ മലയാള നോവൽ ഏതാണ്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. എന്താണ് ബഹുജന സംസ്കാരം?

12. "ലോകത്തിൽ നീതിശാസ്ത്രത്തോട് അവൾക്കൊരു എളിയ ചോദ്യം ചോദിക്കാനുണ്ട്. ഏഴകളുടെ കണ്ണുനീരിന്റെയും നെടുവീർപ്പിന്റെയും മുൻപിൽ ആ താളിയോല ഗ്രന്ഥത്തിന്റെ കെട്ടുകൾ എന്തുകൊണ്ട് അഴിക്കപ്പെടുന്നില്ല?"– ചിന്നമ്മ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

13. ഒടിടി പ്ലാറ്റ്ഫോം എന്ന് പറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത്?

14. ചലച്ചിത്ര ഗാനങ്ങളെ സംബന്ധിച്ച് ജനകീയത എന്ന വാക്കു കൊണ്ട് അർത്ഥമാക്കുന്നതെന്താണ്?

15. ജനപ്രിയം എന്ന വാക്കിന് റെയ്മണ്ട് വില്യംസ്, ജോൺ ഫിസ്കെ എന്നിവർ നൽകുന്ന വ്യാഖ്യാനങ്ങൾ എന്തെല്ലാമാണ്?

16. എന്താണ് ബ്ലർബ്?

17. രണ്ടു നിലവിളികൾ കേട്ടാണ് പിറ്റേന്ന് പാലേരിയിൽ നേരം പുലർന്നത് എന്ന് പറയുന്നുണ്ട്. ഏതൊക്കെയാണ് ആ രണ്ട് നിലവിളികൾ?

18. ചലച്ചിത്രാനുവർത്തനം എന്നാൽ എന്ത്?

19. ജനപ്രിയ സംസ്കാരം എന്ന സംജ്ഞയെക്കുറിച്ച് പറയുമ്പോൾ വാൾട്ടർ ബെഞ്ചമിൻ എന്ന വ്യക്തിയുടെ പ്രാധാന്യമെന്ത്?

20. തങ്കച്ചൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.



VTM NSS COLLEGE LIBRARY

21. റിയാലിറ്റി ഷോകളിലെ ജനപ്രിയതയെ കുറിച്ച് വിവരിക്കുക.

22. ജാസി ഗിഫ്റ്റ് മലയാളസംഗീതരംഗത്തിനു നൽകിയ സംഭവനകളെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.

**(8 × 2 = 16 Marks)**

III. 120 വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. വരേണ്യ സംസ്കാരത്തിൽ നിന്ന് ജനപ്രിയ സംസ്കാരം വേറിട്ടു നിൽക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്.

24. "ഞങ്ങൾ പാവപ്പെട്ടവർ ഒരു പ്രത്യേക ജാതിക്കാരാണ് - ഞങ്ങൾക്കും ഹൃദയമുണ്ടെന്ന് കാശുകാർ വിശ്വസിക്കുന്നില്ല സ്നേഹിക്കുവാൻ ഞങ്ങൾക്ക് അവകാശമില്ല." – മുട്ടത്തു വർക്കിയുടെ ഈ സമീപനത്തിന് 'പാടാത്ത പൈങ്കിളി' എന്ന നോവലിൽ എന്തു പ്രസക്തിയാണ് ഉള്ളത്?

25. നോവലും സിനിമയും ഏതെല്ലാം ഘടകങ്ങളിൽ സമാനത പുലർത്തുന്നുണ്ട്?

26. ചലച്ചിത്ര ഗാന ശാഖയിൽ സംഗീത സംവിധായകൻ എന്ന നിലയിൽ ജോൺസന്റെ സംഭാവനകൾ വിലയിരുത്തുക.

27. ജനപ്രിയ സാഹിത്യത്തിന് സമാന്തരമായി ചരിക്കുന്ന രണ്ട് ധാരകൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുക?

28. ജനപ്രിയ സാഹിത്യം പടർന്നു പന്തലിക്കാനിടയായ സാമൂഹിക സാഹചര്യങ്ങൾ എന്തെല്ലാമാണ്?

29. ചീരു, മാണിക്യം എന്നീ രണ്ട് കഥാപാത്രങ്ങളെ താരതമ്യം ചെയ്യുക.

30. ശ്രവ്യകലകളിലെ ജനപ്രിയ ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തുക.

31. ജനപ്രിയ സംസ്കാരത്തിന്റെ നിർവചനങ്ങൾ ക്രോഡീകരിക്കുക.

**(6 × 4 = 24 Marks)**

VTM NSS COLLEGE LIBRARY

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. മലയാളത്തിലെ ജനപ്രിയ സാഹിത്യത്തിന്റെ വികാസത്തെക്കുറിച്ച് പി. എസ്. രാധാകൃഷ്ണന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

33. 'പാലേരി മാണിക്യം ഒരു പാതിരാ കൊലപാതകത്തിന്റെ കഥ' എന്ന നോവൽ ജനപ്രിയമാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തുക.

34. ചലച്ചിത്ര ഗാനങ്ങളെ ജനകീയമാക്കുന്നതിൽ കെ. രാഘവൻ, ദേവരാജൻ എന്നിവർ വഹിച്ച പങ്കെന്താണെന്ന് വിശദീകരിക്കുക.

35. മലയാളിയുടെ വായനാലോകത്തെ വികസ്വരമാക്കുന്നതിൽ മുട്ടത്തുവർക്കിക്ക് എന്തു പ്രാധാന്യമാണുള്ളതെന്ന് പാടാത്ത പൈങ്കിളി എന്ന നോവലിനെ അടിസ്ഥാനമാക്കി വിവരിക്കുക.

**(2 × 15 = 30 Marks)**

---



VTM NSS COLLEGE LIBRARY